പത്തനംതിട്ട താലൂക്കിൽ ഹരിജനക്ഷേമ വകുപ്പിൽ നിന്നും അനുവദിച്ച വീടുകൾ.

181. [10] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട താലൂക്കിൽ ഓരോ പഞ്ചായത്തിലും ഹരിജനക്ഷേമവകുപ്പിൽ നിന്ന് 1957-ൽ അനുവദിച്ച വീടുകൾ എത്രയാണ് ;

(ബി) അവയിൽ 800 രൂപായുടെതെത്ര ; 1000 രൂപായുടെതെത്ര ;

(സി) ഓരോ പഞ്ചായത്തിലും അനുവദിച്ച വീടുകൾ ഏതേതു് സമുദായത്തിൽ പെട്ടവർക്കാണ് ?

ഉത്തരം

(എ) ലിസ്റ്റ് മേശപ്പുറത്തു് വെച്ചിട്ടുണ്ട്. *

(ബി) 32 വീടുകൾക്ക് 800 രൂപയും 27 വീടുകൾക്ക് 1000 രൂപയും വീതം കൊടുത്തു.

(സി) 'എ' വിഭാഗം ചോദ്യത്തിന്റെ ഉത്തരത്തിൽ പറഞ്ഞിട്ടുള്ള ലിസ്റ്റ് നോക്കുക.

കൊട്ടാരക്കര താലൂക്കിൽ അനുവദിച്ച വീടുകൾ.

182. [11] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര താലൂക്കിൽ ഓരോ പഞ്ചായത്തിലും 1957 മുതൽ ഹരിജനക്ഷേമവകുപ്പിൽനിന്നും അനുവദിച്ച വീടുകൾ എത്ര വീതം ;

(ബി) അതിൽ 800 രൂപായുടെ വീടുകൾ എത്ര ; 1000 രൂപായുടെ വീടുകൾ എത്ര ;

(സി) ഓരോ പഞ്ചായത്തിലും അനുവദിച്ച വീടുകൾ പട്ടികജാതിയിലെ ഏതേതു് സമുദായത്തിനാണ് ?

ഉത്തരം

(എ) പട്ടിക മേശപ്പുറത്തു് വെച്ചിട്ടുണ്ട്. †

(ബി) 800 രൂപാവീതം 38 വീടുകളും 1000 രൂപാവീതം 43 വീടുകളും അനുവദിച്ചു.

(സി) 'എ' വിഭാഗം ചോദ്യത്തിന്റെ ഉത്തരത്തിൽ പറഞ്ഞിട്ടുള്ള പട്ടിക നോക്കുക.

കാർഷികാദായ നികുതി കുടിശ്ശിക.

183. [12] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ ഡിസ്ട്രിക്റ്റിലും 1963 ഡിസംബർ 31-ാം തു- വരെ കാർഷികാദായ നികുതിയിനത്തിൽ കുടിശ്ശിക 1000 രൂപായിൽ കൂടുതൽ തുക അടച്ചുതീർക്കുവാൻ എത്രപേർവീതമുണ്ട് ;

(ബി) അവർ ആരെല്ലാം ;

(സി) ഏതു് ഡിസ്ട്രിക്റ്റിലാണ് ഏറ്റവും കൂടുതൽ കുടിശ്ശിക?

* Appendix XII

† Appendix XIII

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവരം താഴെ ചേർക്കുന്നു.

തിരുവനന്തപുരം	27
കൊല്ലം	83
ആലപ്പുഴ	106
കോട്ടയം	176
എറണാകുളം	27
തൃശ്ശൂർ	30
പാലക്കാട്	37
കോഴിക്കോട്	192
കണ്ണൂർ	153

(ബി) കാർഷികാദായ നികുതിനിയമം 54-ാം വകുപ്പുപ്രകാരം ഈ വിവരം വെളിപ്പെടുത്തത്തക്കതല്ല.

(സി) കോട്ടയം ഡിസ്ട്രിക്റ്റിൽ.

സോഷ്യൽ വെൽഫെയർ ബോർഡ്

184. [13] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സോഷ്യൽ വെൽഫെയർ ബോർഡിനു് ഈ സാമ്പത്തിക വർഷം കേന്ദ്ര സ്റ്റേറ്റ് ഗവണ്മെൻറുകളിൽനിന്നും എത്ര തുകവീതം അനുവദിച്ചിട്ടുണ്ടു് ;

(ബി) ഈ തുക ഏതെല്ലാം ഇനത്തിലാണു് ചെലവാക്കുന്നതു് ;

(സി) ഈ സാമ്പത്തികവർഷം ഓരോ ഡിസ്ട്രിക്റ്റിലും 1963 ഡിസംബർ 31-വരെ ചെലവായ തുക എത്ര ;

(ഡി) ഓരോ ഡിസ്ട്രിക്റ്റിലും സോഷ്യൽ വെൽഫെയർ ബോർഡിൻറെ പ്രവർത്തനംകൊണ്ടു് പട്ടിക ജാതിക്കാരുടെ ഇടയിൽ എന്തു് പരിവർത്തനം വരുത്താൻ കഴിഞ്ഞിട്ടുണ്ടു് ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ സംസ്ഥാന ഗവണ്മെൻറിൽ നിന്നും 70600 രൂപായും കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡിൽനിന്നും 228800 രൂപായും അനുവദിച്ചിട്ടുണ്ടു്.

(ബി) മേൽപറയപ്പെട്ട തുകകൾ സോഷ്യൽ വെൽഫെയർ ബോർഡാഫീസുചെലവു്, വെൽഫെയർ എക്സ്റ്റെൻഷൻ പ്രോജക്റ്റുകളുടെ നടത്തിപ്പു്, സന്നദ്ധസംഘടനകൾക്കുള്ള ഗ്രാൻറു് എന്നീ ഇനങ്ങളിലേക്കാണു് ചെലവഴിക്കുന്നതു്.

(സി) 1. തിരുവനന്തപുരം — പ്രോജക്റ്റു് ഇല്ല.
2. കൊല്ലം — 34842 രൂപ
3. ആലപ്പുഴ — പ്രോജക്റ്റു് ഇല്ല.
4. കോട്ടയം — 81846 രൂപ
5. എറണാകുളം — 23228 രൂപ

LIBRARY ARCHIVES Kerala Legislative Assembly